**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം. 5204** **15.11.2019 ൽ മറുപടിയ്ക്ക്**

**കൊട്ടാരക്കരയിലെ സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭൂമി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീമതി.പി.അയിഷാ പോറ്റി** | **ശ്രീ. എ.സി.മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| എ) കൊട്ടാരക്കരയിൽ എസ്.ഐ.ആർ.ഡി., ഇ.റ്റി.സി. എന്നീ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഭൂമിയുടെ വിസ്തീർണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ ; | എ) കൊട്ടാരക്കര എസ്.ഐ.ആർ.ഡി.-യുടെ അധീനതയിലുള്ള ഭൂമി അളന്നു തിട്ടപ്പെടുത്തിയിട്ടുണ്ട്. കൊട്ടാരക്കര ഇ.റ്റി.സി.-യുടെ അധീനതയിലുള്ള ഭൂമി അളന്നു തിട്ടപ്പെടുത്തുവാനുള്ള ചുമതല കൊട്ടാരക്കര തഹസീൽദാരെ ഏൽപ്പിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത ഭൂമിയുടെ വിസ്തീർണ്ണം തിട്ടപ്പെടുത്തുന്നതിനായി ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രി നൽകിയ നിർദ്ദേശത്തിൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കുമോ ? | ബി) ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ നിർദ്ദേശാനുസരണം, ആവശ്യമായ രേഖകൾ സഹിതം, കൊട്ടാരക്കര തഹസീൽദാർക്ക് അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ, എസ്ഐ.ആർ.ഡി.-യുടെ അധീനതയിലുള്ള ഭൂമി അളന്ന് 7.6404 ഹെക്ടർ എന്ന് തിട്ടപ്പെടുത്തി രേഖാമൂലം ലഭ്യമാക്കിയിട്ടുണ്ട്.ഇ.റ്റി.സി.-യുടെ ഭൂമി അളന്നു തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. |

Amyilal

**സെക്ഷൻ ഓഫീസർ**